സെക്രട്ടറിയായി പ്രവർത്തിക്കുന്നതാണ്. ഓരോ തലത്തിലും രൂപീകരിക്കുന്ന അസോസിയേഷന്റെ അദ്ധ്യക്ഷൻ യഥാക്രമം സ്കൂൾ ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ആയിരിക്കും. എസ്.സി.ഇ.ആർ.റ്റിയുടെ നേതൃത്വത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്.

കൂടുതലായി പ്ലസ് ടൂ സീറ്റുകൾ അനുവദിക്കുന്നതിന് നടപടി

43(444) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പ്ലസ് ടൂ വിന് ഈ വർഷം എത്ര സീറ്റുകൾ നിലവിലുണ്ട് ;

(സി) ഓരോ ഗ്രൂപ്പിലും എത്ര പ്ലസ് ടൂ സീറ്റുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഓരോ ജില്ലയിലും എത്ര പ്ലസ് ടൂ സീറ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ ജില്ലയിലും വിവിധ കോളേജുകളിലായി നിലവിലുള്ള പ്രീഡിഗ്രി സീറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(എഫ്) നിലവിലുള്ള പ്രീഡിഗ്രി സീറ്റുകളുടെയും അനുവദിച്ച പ്ലസ് ടൂ സീറ്റുകളുടെയും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 3,08,484 വിദ്യാർത്ഥികൾ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി.

(ബി) 142750 സീറ്റുകൾ ലഭ്യമാണ്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പ്രീഡിഗ്രിയിൽ ഡീലിങ്കു ചെയ്ത സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റുകൾ പ്ലസ് ടൂ വിൽ അനുവദിച്ചിട്ടുണ്ട്.

പ്ലസ് ടൂ കോഴ്സിൽ സംസ്കൃതം പഠിക്കുന്നതിന് അവസരം

44(446) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടൂ കോഴ്സിൽ സംസ്കൃതം ഓപ്ഷണലായി പഠിക്കുന്നതിന് അവസരമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly